# കുടുംബശ്രീ ജില്ലാമിഷൻ കോട്ടയം - കോവിഡ്കാല പ്രവർത്തനങ്ങൾ

### *കാഞ്ഞിരപ്പള്ളി ബ്ലോക്ക്*

### *കോരുത്തോട് സി ഡി എസ്*

കോവിഡ് 19 എന്ന മഹാമാരിയിൽ നിന്ന് ഏവരെയും രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്ന കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്കൊപ്പം തന്നെ കോരുത്തോട് കുടുംബശ്രീ ഉം പ്രവർത്തിച്ചുവരുന്നു. 13 വാർഡുകളിലായി 195 കുടുംബശ്രീ ആണ് ഇവിടെ ഉള്ളത്.

## സാമൂഹിക അടുക്കള ( കമ്യൂണിറ്റി കിച്ചൺ )

കോവിഡ് 19 - വൈറസ് വ്യാപനം തടയുന്നതിനായി മാർച്ച് 22 നു കേരളം ലോക്കഡോൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആരും വിശന്നിരിക്കരുത് എന്ന് ഉറപ്പ് വരുത്താനുള്ള സർക്കാരിന്റെ ശ്രമത്തിന്റെ ഭാഗമാണ് സാമൂഹിക അടുക്കളയ്ക്ക് തുടക്കം കുറിച്ചത്. അതിൻ പ്രകാരം കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റിനെ ഏർപ്പെടുത്തുകയും 31/03/2020 മുതൽ 20/04/2020 വരെ കമ്യൂണിററി കിച്ചൻ പ്രവർത്തിക്കാൻ സാധിച്ചു. ആശ്രയ അംഗങ്ങൾ, വയോജനങ്ങൾ, കിടപ്പുരോഗികൾ എന്നിവർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കാൻ സാധിച്ചു.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി :

കോവിഡ് 19 കാലഘട്ടത്തിൽ അയൽക്കൂട്ട അംഗത്തിനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ ഓരോ അംഗത്തിനും കുറഞ്ഞത് 5000 രൂപ പരമാവധി 20000 രൂപയും ആണ് ബാങ്ക് വായ്പ ആയി അനുവദിക്കാനുള്ള സർക്കാരിന്റെ പദ്ധതി നടപ്പിലാക്കാൻ കുടുംബശ്രീയ്ക്ക് സാധിച്ചു. 195 കുടുംബശ്രീ ഉള്ളതിൽ 131 കുടുംബശ്രീ ഇൽ നിന്ന് അപേക്ഷ ലഭിക്കുകയു ണ്ടായി 1316 അംഗങ്ങൾക്കായി 7540000 രൂപ അനുവദിച്ചിരിക്കുന്നത്.

## മാസ്ക് നിർമാണം

കൊറോണ വൈറസ് എന്ന പകർച്ചവ്യാധിയെ പ്രതിരോധിക്കാൻ മുഖാവരണം ( ഫേസ് മാസ്ക് ) വയ്ക്കുക എന്നതായിരുന്നു ഏവരെയും തുണക്കുന്നത്. പൊതുവിപണിയിൽ മാസ്കിനു വൻതോതിൽ ക്ഷാമം നേരിടുകയും, വിലക്കയറ്റം ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ തയ്യൽ സംരഭ യൂണിറ്റുകളിൽ മാസ്ക് നിർമാണം തുടങ്ങുവാനും പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ, തൊഴിലുറപ്പ് അംഗങ്ങൾ എന്നിവർക്കായി 600 മാസ്ക് തയ്ച്ചു കൊടുക്കാൻ സാധിച്ചത് കുടുംബശ്രീ cds പ്രവർത്തനത്തിൽ ഒന്നാണ്.

## ജൈവകൃഷി

ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ അംഗങ്ങൾ എല്ലാവരും അവർക്ക് ആവശ്യമായ പച്ചക്കറികൾ സ്വയം ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ട നിർദേശം നൽകുകയും, വേണ്ട പച്ചക്കറി വിത്തുകൾ എത്തിച്ചു നൽകുകയും ചെയ്തു വരുന്നു. കൂടാതെ mksp പദ്ധതി യുടെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷൻ നടപ്പിലാക്കിയ "ജൈവാങ്കണം " അടുക്കളത്തോട്ട നിർമാണം ഏപ്രിൽ 14 വിഷു ദിനത്തിൽ തുടങ്ങിയ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

## ചക്ക മാങ്ങാ ഫെസ്റ്റ്

കോവിഡ് 19 വ്യാപനം മൂലം ലോക്ക് ഡൌൺ ആയ ശേഷം കുടുബശ്രീ വനിതകൾക്ക് ഒരു ഓൺലൈൻ പാചക മത്സരം എം കെ എസ്സ് പി പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷൻ സംഘടിപ്പിച്ചി രുന്നു. കുടുംബശ്രീ അംഗങ്ങളെ മത്സരിക്കാൻ പ്രോത്സാഹിപ്പിക്കുകയും, 1 അംഗം പങ്കെടുക്കുകയും ചെയ്തു. അവർക്ക് ബ്ലോക്ക് തല മത്സരത്തിൽ 2 ആം സ്ഥാനം കരസ്ഥമാക്കാനും സാധിച്ചു.

## മാമാങ്കം

ബാലസഭാ കുട്ടികൾക്കു വേണ്ടി കുടുംബശ്രീ ജില്ലാ മിഷൻ സങ്കടിപ്പിച്ച മാമാങ്കം പരുപാടിയിൽ 4 ബാലസഭയിൽ നിന്നായി 8 കുട്ടികൾ

പങ്കെടുത്തു. കുട്ടി കിച്ചൻ , സെൽഫി കോണ്ടെസ്റ് , ഐ ആം ഫുക്കു , കഥപറയൽ മത്സരം എന്നിവയാണ് ബാലസഭാ കുട്ടികൾക്ക് വേണ്ടി സങ്കടിപ്പിച്ചത്. പഞ്ചായത്തിലെ 504 ഐ എച് ഡി പി കോളനിയിലെ ബാലസഭാ കുട്ടികൾ ബാലകൃഷി വിളവെടുപ്പ് നടത്തി.

## ഭാവിപരിപാടികൾ

ജനകീയ ഹോട്ടൽ പഞ്ചായത്ത് മായി സഹകരിച്ചു തുടങ്ങാൻ ലക്ഷ്യമിടുന്നു.

*ബ്ലോക്ക് കോഓർഡിനേറ്റർ*

*കാഞ്ഞിരപ്പള്ളി ബ്ലോക്ക് (DDUGKY)*

*ജ്യോതിഷ് രാജേന്ദ്രൻ*